പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2998

22-02-2016 ൽ മറുപടി നൽകേണ്ടിയിരുന്നത്

ഗുണനിലവാരമില്ലാത്ത വെളിച്ചെണ്ണ

ചോദ്യം

ശ്രീ.എൻ.എ. നെല്ലിക്കുന്ന്

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) വെളിച്ചെണ്ണയിൽ പലതും നിലവാരമില്ലാത്തവയാണെന്ന ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പരിശോധനാ റിപ്പോർട്ട് കൃഷി വകുപ്പിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്; | (എ) | ഇല്ല; ബാധകമല്ല |
| (ബി) സെൻട്രൽ ഫുഡ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ കേരയുടെയോ മറ്റേതെങ്കിലും ബ്രാൻഡ് വെളിച്ചെണ്ണകളുടെയോ സാമ്പിൾ പരിശോധനയ്ക്കായി അയച്ചിരുന്നോ;എങ്കിൽ അതിന്റെ പരിശോധനാ റിപ്പോർട്ട് എന്തായിരുന്നു; വിശദമാക്കാമോ? | (ബി) | കേരളീയ നാട്, മയൂര, എ 1 സുപ്രീം അശാർക്ക് കോക്കനട്ട് ഓയിൽ, കൽപ്പക ഫിൽറ്റേഡ് പ്യുവർ കോക്കനട്ട് ഓയിൽ, കേര ഡബിൾ ഫിൽറ്റേഡ് പ്യുവർ കോക്കനട്ട് ഓയിൽ എന്നിവയുടെ സാമ്പിളുകൾ പരിശോധനയ്ക്കായി അയച്ചിരുന്നതായി ഭക്ഷ്യസുരക്ഷാ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരയുൾപ്പെടെ സംസ്ഥാനത്ത് ലഭ്യമായ എല്ലാ ബ്രാൻഡ് വെളിച്ചെണ്ണയുടെയും സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് പരിശോധിച്ചതിൽ 15 ബ്രാൻഡ് വെളിച്ചെണ്ണ നിശ്ചിത നിലവാരമില്ലാത്തതായി കണ്ടെത്തിയതിനെ തുടർന്ന് ഉത്പാദനവും, വിതരണവും, വിൽപനയും സംസ്ഥാനത്ത് ഇതിനകം നിരോധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ